LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര ഭാഷാ നിയമം

26 (6172) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമഗ്ര ഭാഷാ നിയമം പാസ്സാക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനുശേഷം ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) മലയാളഭാഷയുടെ ഉപയോഗവും സാധ്യതകളും ഉറപ്പാക്കാൻ സമഗ്ര ഭാഷാ നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയുടെ 2-9-2013-ലെ യോഗത്തിൽ സമഗ്രമായ ഒരു ഭാഷാ നിയമം ഉണ്ടാക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുകയും തുടർ നടപടികൾക്കായി ഔദ്യോഗിക ഭാഷാ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് ആദ്യപടിയായി ഇത് സംബന്ധിച്ച പ്രാഥമിക രൂപരേഖ തയ്യാറാക്കുകയുണ്ടായി. പ്രസ്തുത പ്രാഥമിക രൂപരേഖയുടെയും നിയമസഭാ സമിതിയുടെ ഭാഷാ നിയമം സംബന്ധിച്ച റിപ്പോർട്ടിന്റെയും പകർപ്പുകൾ ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ അഭിപ്രായത്തിനായി നൽകുകയും ചെയ്തിട്ടുള്ളത്. എന്നാൽ, സാംസ്കാരികം, നിയമം, പൊതുഭരണം, ,പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകൾ മാത്രമാണ് ഇക്കാര്യത്തിലുള്ള അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. 1-7-2014-ാം തീയതിയിലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം ഇതുസംബന്ധിച്ച ഫയൽ നിയമ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

(സി) പരിശോധിക്കുന്നതാണ്.

ഭരണഭാഷ മലയാളമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

27 (6173) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഭാഷ മലയാളം ആക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മലയാളം ഭരണഭാഷയാക്കി ഉത്തരവ് ഇറക്കിയിട്ടും ആയത് പാലിക്കാത്ത ഉദ്യോഗസ്ഥരുടെമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടംഘട്ടമായി